പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6552 — 12.07.2012 ൽ മറുപടിയ്ക്ക്

## മൂഴിയാറിൽ വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) മൂഴിയാർ പവ്വർ ഹൗസിലുണ്ടായ ജനറേറ്റർ പൊട്ടിത്തെറിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയത് ആരാണ്; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എ) മൂഴിയാറിൽ 2008 മെയ് 16-ന് നടന്ന അപകടത്തെപ്പറ്റി അന്വേഷിക്കാൻ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ചീഫ് എൻജിനീയർ ശ്രീ. പി.എസ്. അഗർവാളിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയും അവർ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത പവ്വർ ഹൗസിന്റെ പുനരുദ്ധാരണത്തിലൂടെ സ്ഥാപിത ശേഷിയേക്കാൾ എത്ര വൈദ്യുതിയാണ് കൂടുതലായി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്;

(ബി) മൂഴിയാർപവർഹൗസിന്റെ പുനരുദ്ധാരണത്തിലൂടെ സ്ഥാപിത ശേഷിയേക്കാൾ 35 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) പ്രസ്തുത ലക്ഷ്യം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഉണ്ട്. പുനരുദ്ധാരണത്തിനു ശേഷം 1, 2, 3, 5 ജനറേറ്ററുകൾ 55 മെഗാവാട്ടിലും ആറാം നമ്പർ ജനറേറ്റർ 60 മെഗാവാട്ടിലും പ്രവർത്തിക്കുന്നുണ്ട്. 2008 മെയ് 16 ന് നടന്ന നാലാം നമ്പർ ജനറേറ്ററിന്റെ അപകടത്തിനു ശേഷം സ്ഥാപിതശേഷിയിൽ 55 മെഗാവാട്ട് കുറവ് വന്നിട്ടുണ്ട്.

(...2)

| | | | |
|---|---|---|---|
| (ഡി) | മുഴിയാർ പവ്വർ ഹൗസിലെ ജനറേറ്റർ പൊട്ടിത്തെറിച്ചതിലൂടെ ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ഡി) | മൂഴിയാർ പവ്വർഹൗസിൽ 2008 മെയ് 16 ന് നടന്ന അപകടത്തിൽ നാലാം നമ്പർ ജനറേറ്റർ പൂർണ്ണമായി തകരുകയും മറ്റുള്ള ജനറേറ്ററുകൾക്ക് ഭാഗികമായ കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പൊട്ടിത്തെറിയിലൂടെ ബോർഡിന് 51.1 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഇ) | പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്ത കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഇ) | പൊട്ടിത്തെറിച്ച ജനറേറ്റർ VA Tech Hydro GmbH & Company, VA Tech Escher Wyss Flovel Limited, VA Tech Hydro India Private Limited കമ്പനിയുടെ ഗ്യാരന്റി സമയ പരിധിക്കുള്ളിലായതിനാൽ ബോർഡിനുണ്ടായ നഷ്ടം (51.1 കോടി രൂപ) കമ്പനിയിൽ നിന്ന് ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി തിരുവനന്തപുരം ജില്ലാ കോടതിയിൽ OS No. 327/2011 നമ്പർ പ്രകാരം വൈദ്യുതി ബോർഡ് VA Tech Hydro കമ്പനിക്കെതിരെ നഷ്ടപരിഹാരം ആവശ്യപ്പെട്ട് അന്യായം ഫയൽ ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇല്ലെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**